No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2018-ലെ സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ മറ്റ് മെഡിക്കൽ കോഴ്സുകളായ ആയുർവേദ (ബി.എ.എം.എസ്), ഹോമിയോപ്പതി (ബി.എച്ച്.എം.എസ്) എന്നിവയിലും അനുബന്ധ കോഴ്സുകളായ അഗ്രികൾച്ചർ, ഫോറസ്ട്രി എന്നീ കോഴ്സുകളിലും നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും സിദ്ധ (ബി.എസ്.എം.എസ്) വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയ കോളേജിലേയ്ക്കും അലോട്ട്മെന്റ് നടത്തിയിട്ടു ്.

മേൽ വെബ്സൈറ്റിലെ ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. ഈ ഘട്ടത്തിൽ പുതുതായോ മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **16.10.2018** മുതൽ **20.10.2018** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **20.10.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്: ഇപ്പോൾ എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം KEAM 2018 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) (iii) പ്രകാരം എം.ബി.ബി.എസ് കോഴ്സിൽ നിന്നും വിടുതൽ നേടുന്നതിന് 10 ലക്ഷം രൂപയും ബി.ഡി.എസ് കോഴ്സിൽ നിന്നും വിടുതൽ നേടുന്നതിന് 5 ലക്ഷം രൂപയും ലിക്വിഡേറ്റഡ് ഡാമേജസായി ഒടുക്കിയതിനു ശേഷമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയൂ. കൂടാതെ ഇവരെ രണ്ട് വർഷത്തിലധികമല്ലാത്ത കാലയളവിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്നും/അലോട്ട്മെന്റുകളിൽ നിന്നും വിലക്കുന്നതാണ്.**

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി **1,000/- രൂപ** അടച്ച ശേഷം നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
15.10.2018

Santhoshkumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**